| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനഞ്ചാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2067 | | 07/12/2015 ൽ മറുപടിക്ക് | |
| വിജിലന്റ് കേരള പദ്ധതി | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ടി.എൻ.പ്രതാപൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | വിജിലന്റ് കേരള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കേരളത്തിലെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ 100% അഴിമതി വിമുക്ത പദ്ധതി നടത്തിപ്പും ഭരണ നിർവ്വഹണവും ലക്ഷ്യമിട്ടുകൊണ്ട് ജനപങ്കാളിത്തത്തോടെ, പരാതി സംസ്കാരത്തിൽനിന്നും മാറി കൂട്ടായ പ്രശ്ന പരിഹാര സംസ്കാരം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കി വരുന്ന അഴിമതി വിരുദ്ധ പദ്ധതി ആണ് വിജിലന്റ് കേരള. ഈ ലക്ഷ്യ പ്രാപ്തിയ്ക്കായി പ്രദേശത്തെ ഓരോരുത്തരും, പരാതി പറയുന്നതിനു പകരം, അഴിമതി വിരുദ്ധ പ്രവർത്തനത്തിന് പങ്കാളികളാകുക എന്നതാണ് വിജിലന്റ് കേരളയുടെ പ്രത്യേകത.<br>വിജിലന്റ് കേരളയുടെ പ്രവർത്തനത്തിൽ ഏഴുതരം പങ്കാളികളുണ്ട്.<br>ഗ്രൂപ്പ് - 1 – സർക്കാർ, അർദ്ധ സർക്കാർ ഓഫീസുകളിലോ, സർക്കാർ പ്രവർത്തനങ്ങളിലോ അഴിമതി അഭിമുഖീകരിക്കുകയോ, കാണുകയോ ചെയ്യുന്നവർ.<br>ഗ്രൂപ്പ് - 2- അഴിമതി വിരുദ്ധ പ്രവർത്തനങ്ങളിൽ അറിവും, കഴിവും നേടി, സജീവ പങ്കാളികളാവുന്ന കോയിലേഷൻ മെമ്പർ<br>ഗ്രൂപ്പ് - 3- വിജിലന്റ് കേരള വെബ് സൈറ്റിൽ പോസ്റ്റ് ചെയ്യുന്ന പ്രശ്നം പരിഹരിക്കാൻ ഡെലിഗേറ്റഡ്അതോറിറ്റി (പൂർണ്ണ ഉത്തരവാദിത്വവും അധികാരവും) ഉള്ള അംഗങ്ങൾ<br>ഗ്രൂപ്പ് - 4- ജില്ലയിലെ വിജിലൻസ് ഉദ്യോഗസ്ഥരും വിജിലൻസ് സ്റ്റാഫും<br>ഗ്രൂപ്പ് - 5- ജില്ലാതല വിജിലൻസ് കമ്മിറ്റി അംഗങ്ങളും മറ്റ് ജില്ലാതല ഭരണ മേധാവികളും<br>ഗ്രൂപ്പ് - 6- വകുപ്പ് മേധാവികൾ, പൊതുമേഖലാ സ്ഥാപന മേധാവികൾ, ബോർഡ് മേധാവികൾ, മറ്റ് സർക്കാർ ഉന്നതോദ്യോഗസ്ഥർ<br>ഗ്രൂപ്പ് - 7- വിജിലൻസ് ആസ്ഥാനത്തെ ഉദ്യോഗസ്ഥർ.<br>2014 ആഗസ്റ്റ് മുതൽ പൈലറ്റ് പ്രോജക്ട് ആയി എട്ട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 09/07/2015 രാവിലെ പത്ത് മണിയ്ക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ, സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രി ഡോക്ടർ എം.കെ.മുനീർ, ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ.വി.എസ്.ശിവകുമാർ എന്നിവരുടെ സാന്നിദ്ധ്യ ത്തിൽ വി.ജെ.ടി. ഹാളിൽ നടന്ന ചടങ്ങിൽവച്ച് ആദരണീയനായ കേരള ഗവർണ്ണർ ജസ്റ്റിസ് പി.സദാശിവം അവർകൾ നിർവ്വഹിച്ചു. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതല ത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | വിജിലന്റ് കേരള പദ്ധതി കൂടുതൽ തലങ്ങളിൽ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ